## 841

1 ഹാ! മനോഹരം! യാഹേ! നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എന്നുള്ളം നിറയുന്നു ഹല്ലേലുയ്യാ പാടും ഞാൻ

ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ
തന്മക്കൾക്കെന്നും പരിചയാം
നന്മയൊന്നും മുടക്കുകയില്ല നേരായ് നടപ്പവർക്ക്

2 ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
മീവൽപക്ഷിക്കും ചെറു കുരികിലിനും
രാവിലെ നിൻനന്മകളെ ഓർത്തു പാടി സ്തുതിച്ചിടുന്നു-

3 ഞങ്ങൾ പാർത്തിടും നിത്യം നിന്റെ ആലയേ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരും കരുമനയെല്ലാം മാറ്റും അനുഗ്രഹമായ്-

**P.J.A.**